# മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.



ജില്ല : കണ്ണൂർ

ബ്ലോക്ക് : കല്ല്യാശ്ശേരി

പഞ്ചായത്ത് : ചെറുതാഴം

വാർഡ് : പുറച്ചേരി

റിപോർട്ട് തയ്യാറാക്കിയത് : മെറീന ടി

VRP

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

(M G N S A S K)

Scanned by CamScanner

# ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | ഉള്ളടക്കം | 2 |
| 3 | ആമുഖം | 3-4 |
| 4 | പഞ്ചായത്ത് ഭൂപടം | 5 |
| 5 | വാർഡ് ഭൂപടം | |
| 6 | ഗ്രാമപഞ്ചായത്ത്,വാർഡ് പൊതുവിവരങ്ങൾ | 6 |
| 7 | ഗ്രാമപഞ്ചായത്ത്, വാർഡ് തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ | 6 |
| 8 | സോഷ്യൽ ഓഡിറ്റിന് വിധേയമായ പ്രവൃത്തികൾ | 7 |
| 9 | അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ | 8 - 13 |
| 10 | ഫീൽഡ് പരിശോധന വിശദാംശങ്ങൾ | 14 |
| 11 | രജിസ്റ്ററുകൾ, പ്രവർത്തി ഫയൽ പരിശോധന വിശദാംശങ്ങൾ | 15 - 18 |
| 12 | കണ്ടെത്തലുകൾ, നിർദേശങ്ങൾ | 19 - 20 |




Scanned by CamScanner

ആമുഖം

ഗ്രാമീണ മേഖലയിലെ അവിദഗ്ധ തൊഴിലാളികൾക്കും സ്ത്രീകൾക്കും സ്ഥിര തൊഴിൽ നൽകാനും അവരുടെ സാമ്പത്തിക ഉന്നമനത്തിലൂടെ ദാരിദ്ര്യനിർമാർജനം എന്ന ലക്ഷ്യത്തോടു കൂടി 2005 സെപ്റ്റംബർ5ന് നിയമത്തിന്റെ പിൻബലത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. കേരളത്തിൽ പദ്ധതിയുടെ നിർവഹണം 9 വർഷം പിന്നിടുമ്പോൾ ദരിദ്രജനവിഭാഗങ്ങളുടെ ഇടയിൽ ഒരു പുതിയ അവകാശബോധം അത് സൃഷ്ടിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്.അഴിമതിരഹിതമായി ഏറ്റവും സുതാര്യമായി പദ്ധതിയുടെ നിർവഹണം നടത്തുന്നതിലൂടെ സാധാരണക്കാരും പാവപ്പെട്ടവരുമായ അടിസ്ഥാന ജന വിഭാഗങ്ങൾക്ക് അർഹമായ മുഴുവൻ ആനുകൂല്യങ്ങളും അവരിലേക്ക് തന്നെ പൂർണമായി എത്തുന്നു എന്നതാണ് പദ്ധതിയുടെ ആധാരാശില.

ഭിന്നശേഷിയുള്ളവർ, വൃദ്ധർ, വിധവകൾ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ എന്നീ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ ജന വിഭാഗങ്ങളും വൻതോതിൽ ഒരു വികസന പ്രക്രിയയിൽ അണിചേർന്നത് ഈ മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ്. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം 2005 ൽ പാസ്സാക്കിയ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം ഉറപ്പു വരുത്തുന്നു. കേരളത്തിൽ നഗരപ്രദേശങ്ങളിൽ ഈ പദ്ധതിക്ക് സമാനമായ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്.



Scanned by CamScanner

## സവിശേഷതകൾ

- അവിദഗ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം നൽകുന്നു.
- തൊഴിലാളികൾക്കായി വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നു.
- ഉൽപാദന വർധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക.

- തൊഴിലിനുള്ള മൗലികാവകാശങ്ങൾ
- മിനിമം കൂലി, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ വേതനം.



Scanned by CamScanner



Scanned by CamScanner

## പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ട വിവരങ്ങൾ

ആകെ തൊഴിൽ കാർഡ് : 3,348

ആകെ തൊഴിലാളികൾ : 3,832

ആക്ടീവ് തൊഴിൽ കാർഡ് : 1,565

ആക്ടീവ് തൊഴിലാളികൾ : 1,709

കഴിഞ്ഞ വർഷം പഞ്ചായത്തിൽ 100 തൊഴിൽ പൂർത്തിയാക്കിയവർ: 120

ആകെ തൊഴിൽ ദിനം : 57,226

ചിലവായ തുക : 195.62 ലക്ഷം

## വാർഡിലെ വിവരങ്ങൾ

### ജോബ് കാർഡ് വിവരം

Total
- Household : 185
- Person : 197

SC
- Household : 4
- Person : 4

ST
- Household : 0
- Person : 0

Others
- Household : 181
- Person : 193



Scanned by CamScanner

സോഷ്യൽ ഓഡിറ്റിന് വിധേയമായ പ്രവർത്തികൾ.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്- കോഡ് | മസ്റർ റോൾ നമ്പർ | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തീയതി | തൊഴിൽദിനങ്ങൾ | ചെലവായ തുക |
|---|---|---|---|---|---|---|
| 1 | കല്ലംമ്പള്ളി റോഡ് മുതൽ പടിഞ്ഞാറെ പുറച്ചേരി റോഡ് വരെയുള്ള നടപ്പാത നവീകരണം<br>RC/27 1122<br>SKilled work<br>sreejith<br>Sathyan<br>KC Pramod | 4641,4642 '<br>4643,4644<br>5656<br>4649,4650<br>4653 | 3/ 10/18<br>10/10/18<br>27/10/18<br>3/10/18 | 9/10/1813/10/18<br>13/10/18<br>30/10/18<br>9/10/18 | 9<br>8<br>7<br>18 | 2484<br>2208<br>1932<br>12800 |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |



Scanned by CamScanner

✓ **അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നൽകുന്നതോടൊപ്പം അവരുടെ 10 അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു. സോഷ്യൽ ഓഡിറ്റിലൂടെ 10 അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും വിലയിരുത്തുന്നു.

✓ **തൊഴിൽ കാർഡ് സംബന്ധിച്ച്.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന 18 വയസ് പൂർത്തിയായ ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരാൾക്കും തൊഴിൽ കാർഡ് ലഭിക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. തൊഴിൽ കാർഡിനു അപേക്ഷിച്ചു കഴിഞ്ഞാൽ അപേക്ഷിച്ച് 15 ദിവസത്തിനകം സൗജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കേണ്ടതാണ്. ചെറുതാഴം പഞ്ചായത്തിലെ ഒന്നാം വാർഡിൽ നിലവിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ദാക്ഷായണി, ശൈലജ എന്നിവർക്കൊഴികെ മുഴുവൻ തൊഴിലാളികൾക്കും പഴയ തൊഴിൽ കാർഡ് പുതുക്കി പുതിയ തൊഴിൽ കാർഡ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ കാർഡ് പുതിക്കിയ സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്ത് കൊടുക്കുകയാണ് ചെയ്തത്. ഇത് തെറ്റായ പ്രവണതയാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ അധികാരിക രേഖയായ തൊഴിൽ കാർഡ് സൂക്ഷിക്കേണ്ടത് തൊഴിലാളികളുടെ ഉത്തരവാദിത്വമാണ്. ഒന്നാം വാർഡിലെ മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ കൈയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് അഭിനന്ദങ്ങൾ അർഹിക്കുന്ന കാര്യമാണ്.

തൊഴിൽ ആവശ്യപ്പെടുന്നത് സംബന്ധിച്ച്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ ഉറപ്പു തരുന്നു. ആയതിനാൽ തൊഴിൽ കാർഡുള്ള ഏതൊരാൾക്കും തൊഴിൽ ആവശ്യപ്പെടാനും ഇതുമായി ബന്ധപ്പെട്ടുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാകാനുള്ള അവകാശമുണ്ട്. ഒന്നാം വാർഡിൽ രേഖാമൂലം തൊഴിൽ ആവിശ്യപ്പെടാറുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്.തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ കൊടുത്ത് തിരികെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കണം. രസീത് ഉണ്ടെങ്കിൽ മാത്രമേ 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ



Scanned by CamScanner

തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളു.

✓ **<u>തൊഴിൽ അനുവദിക്കുന്നത് സംബന്ധിച്ച്.</u>**

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. ഇല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ഓരോ തൊഴിലാളിക്കും ഉണ്ട്. ഒന്നാം വാർഡിലെ എല്ലാ തൊഴിലാളികൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ സാമ്പത്തിക വർഷം 60 തൊഴിലാളികളിൽ വാസന്തി, അനിത, വത്സല എന്നീ 3 തൊഴിലാളികൾക്കു മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്.

✓ **<u>ഷെൽഫ് ഓഫ് പ്രോജക്ട് തയാറാക്കുന്നത് സംബന്ധിച്ച്.</u>**

തൊഴിലാളികൾക്കു തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുവാനും പ്രവർത്തികൾ നിർദ്ദേശിക്കുവാനും അവ ഷെൽഫ് ഓഫ് പ്രോജെക്ടിൽ ഉൾപെടുത്തുവാനും തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നു.ഒന്നാം വാർഡിലെ തൊഴിലാളികൾ പ്രവർത്തികൾ നിർദേശിക്കാറുണ്ട് എന്നാണ് അറിയുവാൻ കഴിഞ്ഞത്.

✓ **<u>അഞ്ച് കിലോമീറ്റർ പരിധിയിൽ പ്രവർത്തി ചെയുന്നത് സംബന്ധിച്ച്.</u>**

അവരവരുടെ താമസ സ്ഥലത്ത് നിന്നും 5 കിലോമീറ്റർ പരിധിയിൽ ജോലി ലഭിക്കുന്നതിന് മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്.5കിലോമീറ്റർ പരിധിക്കപ്പുറം പോയി പ്രവർത്തി ചെയ്യുകയാണെങ്കിൽ കൂലിയുടെ 10% (27.10)യാത്ര ബത്ത ലഭിക്കുന്നതിനും മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്. ഒന്നാം വാർഡിലെ തൊഴിലാളികൾ 5 കിലോമീറ്റർ പരിധിക്കുള്ളിലാണ് പ്രവർത്തി ചെയ്തിട്ടുള്ളത് എന്ന് അറിയുവാൻ കഴിഞ്ഞു.



Scanned by CamScanner

✓ **വേതനം ലഭിക്കുന്നത് സംബന്ധിച്ച്**

തൊഴിലുറപ്പ് പദ്ധതിയിലെ സെക്ഷൻ 3(2)പ്രകാരം പണി ചെയ്തു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭിക്കേണ്ടതാണ്. ഇല്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. ഒന്നാം വാർഡിൽ പണിയെടുത്ത മുഴുവൻ തൊഴിലാളികൾക്കും സമയബന്ധിതമായി കൂലി ലഭിക്കാറുണ്ടായിരുന്നു. എന്നാൽ ഇക്കാലയളവിൽ തൊഴിലാളികൾക്കുള്ള വേതനം കൃത്യമായി ലഭിക്കുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

✓ **പ്രവർത്തി സ്ഥലത്ത് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ.**

തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പ്രവർത്തി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം, തണൽ എന്നി സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഒന്നാം വാർഡ് തൊഴിലാളികളുടെ പ്രവർത്തിസ്ഥലം സന്ദർശിച്ചപ്പോൾ കുടിവെള്ളത്തിനുള്ള പാത്രവും ടാർപോളിൻ ഷീറ്റും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. പ്രഥമ ശുശ്രുഷ കിറ്റ് ഒരു തവണ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നാണ് അവരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

✓ **പദ്ധതി ആരംഭംമീറ്റിങ്,ഗ്രാമസഭ സംബന്ധിച്ച്**

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22 പ്രകാരം ഒരു പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതുണ്ട്. ഒന്നാം വാർഡിൽ പ്രവർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിംഗ് നടത്താറുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. തൊഴിലുറപ്പ് പദ്ധതി ഗ്രാമ സഭ സാധാരണ ഗ്രാമസഭയുടെ കൂടെയാണ് നടക്കുന്നത് എന്നു തൊഴിലാളികൾ സൂചിപ്പിച്ചു.



Scanned by CamScanner

✓ **തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച്.**

തൊഴിലാളികൾക്ക് പണി സ്ഥലത്തുവച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിത്സയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ ചിലവുകളും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളിക്ക് ലഭിക്കേണ്ടുന്ന നടപടികൾ നിർവഹണ എജൻസി സ്വീകരിക്കേണ്ടതാണ്. ഇതുകൂടാതെ തൊഴിലിടങ്ങളിൽ വച്ച് മരണം സംഭവിക്കുകയാണെങ്കിൽ 25000 രൂപയും തൊഴിയാളിയുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ്.ഒന്നാം വാർഡിൽ പ്രവർത്തി സ്ഥലത്തു വച്ച് അപകടം സംഭവിച്ച കുഞ്ഞാമിന (1/62) എന്ന തൊഴിലാളിക്ക് നഷ്ടപരിഹാരം ഇതുവരെയും ലഭിച്ചിട്ടില്ല.

✓ **സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ്.**

പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്. ഒന്നാം വാർഡിൽ പ്രവർത്തി നടന്നതിന്റെ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു.

✓ **മസ്റ്റർ റോൾ**

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്ന ഔദ്യോഗിക രേഖയാണ് മസ്റ്റർ റോൾ.പണി ചെയ്യുന്ന ദിവസം രണ്ടുതവണ ഇതിൽ ഒപ്പു വായ്ക്കേണ്ടതാണ്.മസ്റ്റർ റോളിൽ ഒപ്പു വച്ചതിനു ശേഷം തൊഴിലാളികൾ പ്രവർത്തി സ്ഥലത്തു തന്നെ ഉണ്ടായിരിക്കണം.

അല്ലാതെ മറ്റു പരിപാടികളിൽ പങ്കെടുക്കുവാൻ പാടില്ല. കൂടാതെ മസ്റ്റർറോളിൽ വെട്ടിത്തിരുത്തലും പാടില്ല .

✓ **മേറ്റ്**



Scanned by CamScanner

തൊഴിലുറപ്പ് പ്രവർത്തിയുടെ മേൽനോട്ടം,തൊഴിൽകാർഡ്, സൈറ്റ് ഡയറി, മസ്റ്റർറോൾ എന്നിവ കൃത്യമായി പൂരിപ്പിക്കൽ,തൊഴിലാളികളുടെ ഹാജർ ഉറപ്പ് വരുത്തുക,ലീവ് മാർക്ക് ചെയ്യുക, പണിസ്ഥലത്തു വേണ്ട സൗകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് മേറ്റുമാരുടെ ചുമതലകൾ. നിയമപ്രകാരം 15 ദിവസം കഴിയുമ്പോൾ പുതിയ മേറ്റിനെ തിരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം വാർഡിൽ യശോദ എന്ന വ്യക്തി മേറ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ ചെയ്തു വരികയായിരുന്നു.എന്നാൽ അസുഖബാധിതയായതിനെ തുടർന്ന് അവർക്ക് പ്രവർത്തിക്കാൻ സാധിക്കാതെ വരികയും തുടർന്ന് മറ്റൊരാൾ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തു.

- ✓ **ജാഗ്രത മേൽനോട്ട കമ്മിറ്റി.**

തൊഴിലുറപ്പ് പ്രവർത്തി കൃത്യമായി നിരീക്ഷിക്കുന്നതിനും പദ്ധതി കാര്യക്ഷമമാക്കുന്നതിനും വാർഡ് തലത്തിൽ ജാഗ്രത മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജാഗ്രത മേൽനോട്ട സമിതിയിലെ 5 അംഗങ്ങൾ വരാറുണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു.

- ✓ **സുരക്ഷമാർഗങ്ങൾ**

തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് പ്രവർത്തി ചെയ്യുമ്പോൾ സുരക്ഷ ഷൂസും,കൈയ്യുറയും തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടത് നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. ഒന്നാം വാർഡിൽ സുരക്ഷാ ഉപകരണങ്ങൾ ഒന്നും നൽകിയിട്ടില്ല എന്നാണ് തൊഴിലാളികൾ പറഞ്ഞത്.

- ✓ **പരാതി പരിഹാരം.**



Scanned by CamScanner

തൊഴിലുറപ്പ് പദ്ധതി നിയമം ഷെഡ്യൂൾ 19 പ്രകാരം ലഭിക്കുന്ന പരാതികൾ സമയ ബന്ധിതമായി പരിഹരിക്കേണ്ടതാണ്. പരാതികൾ ഫോൺ മുഖേനയോ, ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ രേഖാമൂലം എഴുതിയോ,ഇമെയിൽ വഴിയോ നൽകാവുന്നതാണ്. ഒന്നാം വാർഡിലെ തൊഴിലാളികൾ പരാതികൾ നൽകിയിട്ടില്ല എന്നാണ് പറഞ്ഞത് .

*ടോൾ ഫ്രീ നമ്പർ കണ്ണൂർ 18004250143.

*സംസ്ഥാന മിഷൻ18004251004

✓ **റോസ്ഗാർ ദിനം**

തൊഴിൽ ആവശ്യകത കൃത്യമായി രെജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം ഓരോ പഞ്ചായത്തിലും നടത്തേണ്ടതാണ്. ചെറുതാഴം പഞ്ചായത്തിൽ നടത്തിയതിനെ കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണ ഇല്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

✓ **തൊഴിലാളികളുടെ കടമകൾ.**

*കൃത്യ സമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി സമയ ക്രമം പാലിക്കുക.(9മണി മുതൽ 5 മണി വരെ)

*പ്രവർത്തി ആരംഭമീറ്റിങ്ങിൽ പങ്കെടുത്ത് ചെയ്യേണ്ട പ്രവർത്തികളെ കുറിച്ച് കൃത്യമായി മനസിലാക്കുക.

*നിർദ്ദേശിക്കുന്ന പ്രവർത്തികൾ കൃത്യമായി ചെയ്യുക.

*തൊഴിലുറപ്പ് ഗ്രാമസഭയിൽ പങ്കെടുക്കുക.



Scanned by CamScanner

## ഫീൽഡ് പരിശോധന വിശദാംശങ്ങൾ

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർ മെൻറ് പ്രകാരം ഉള്ള അളവ് | ഫീൽഡിൽ നിന്നും ലഭിച്ച അളവ് | റിമാർക്ക് സ് |
|---|---|---|---|---|
| കല്ലമ്പള്ളി റോഡ് മുതൽ പുറച്ചേരി റോഡ് വരെയുള്ള റോഡ് നടപ്പാത നവീകരണം RC/27 1122 | Erthwark 42 cum cement con Creat 42cum | Erth work 31.2 m3 cement concreat24m3 | Erthwork-280m2 | പദ്ധതി വിജയകരമായി പൂർത്തികരിച്ചതായി കണ്ടു. ഗുണഭോക്താക്കളിൽ നിന്ന് നല്ല അഭിപ്രായം അറിയാൻ കഴിഞ്ഞു. |
| | | | | |



Scanned by CamScanner

## പ്രവർത്തി ഫയൽ പരിശോധിച്ച വിവരങ്ങൾ

- കവർ പേജ് :

വാർഷിക മാസ്റ്റർ പ്രകാരം ഉള്ള കവർ പേജ് പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചിരുന്നില്ല.

- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്കുമെൻറ് :

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്കുവെന്റ് പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചു.

- അക്ഷൻ പ്ലാൻ പകർപ്പ് :

ആക്ഷൻ പ്ലാൻ പരിശോധിച്ച ഫയലിൽ ഉണ്ടായിരുന്നില്ല

- എസ്റ്റിമേറ്റ് :

പരിശോധിച്ച ഫയലിൽ എസ്റ്റിമേറ്റ് പകർപ്പ് ഉണ്ടായിരുന്നു.

- സാങ്കേതിക അനുമതി പകർപ്പ് :

പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഭരണാനു മതി :

പകർപ്പ് ഫയലിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

- കൺവെർജൻറ് :

പരിശോധിച്ച ഫയൽ ഈ ഗണത്തിൽ ഉൾപ്പെടുന്നതല്ല.

- തൊഴിൽ ആവശ്യപ്പെട്ടുള്ള :

സ്കെഷൻ 3/1 പ്രകാരം ഉള്ള തൊഴിൽ ആവശ്യ പെട്ടുള്ള ഫോം ഫയലിൽ കാണാൻ സാധിച്ചു

- തൊഴിൽ അനുവദിച്ചു കൊണ്ടുള്ള ഫോം :

Scanned by CamScanner

തൊഴിൽ അനവദിച്ച ഫോം പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല.

- മാസ്റ്റ റോൾ :

പരിശോധിച്ച ഫയലിൽ മാസ്റ്ററ റോൾ ഉൾപ്പെടുത്തിയി ട്ടുണ്ട്.

- മെഷർമെൻറ് ബുക്ക് :

പരിശോധിച്ച ഫയലിൽ M book ഉണ്ടായിരുന്നു.

- സാധന സാമഗ്രഹികളുടെ വിവരങ്ങൾ:

സാധന സാമഗ്രഹികൾ ഉപയോഗിച്ചു നടന്ന പ്രവർത്തനത്തിൻ്റെ
രേഖകൾ
ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

- വേജ് ലിസ്റ്റ് :

പരിശോധിച്ച ഫയലിൽ വേജ് ലിസ്റ്റ് കൃത്യമായി ഉൾപ്പെടുത്തിട്ടുണ്ട്.

- എഫ്ടി ഒ :

പരിശോധിച്ച ഫയലിൽ എഫ് ടി ഒ കാണാൻ സാധിച്ചില്ല.

- മെറ്റീരിയൽ വൗച്ചർ, ബില്ലുകൾ :

പരിശോധിച്ച ഫയലിൽ C I B ബിൽ ഉണ്ടായിരുന്നു.

- റോയലിറ്റി:

റോയലിറ്റി ആയി ആവശ്യമില്ല.

- ഫോട്ടോ ഗ്രാഫ്സ് :

ഫയലിൽ 3 ഘട്ടങ്ങളിൽ ആയി ഉൾപ്പെടുത്തേണ്ട ഫോട്ടോ
ഉൾപ്പെട്ടതായി
കാണാൻ സാധിച്ചു.

- ഫയൽ ട്രാക്കിംഗ് ഫോം :



Scanned by CamScanner

ഫയൽ ടാക്കിംഗ് ഫോം പരിശോധിച്ച ഫയലിൽ കണ്ടിരുന്നില്ല.

- **പ്രവൃത്തി പൂർത്തികരണ സർട്ടിഫിക്കറ്റ് :**

പരിശോധിച്ച ഫയലിൽ പ്രവൃത്തി പൂർത്തികരണ സർട്ടിഫിക്കറ്റ് കാണാൻ സാധിച്ചു

- **ജിയോ ടാഗ് ഫോട്ടോസ് :**

പരിശോധിച്ച ഫയലുകളിൽ ഒന്നിലും ജിയോ ടാഗ് ഫോട്ടോസ് കാണാൻ സാധിച്ചില്ല.

- **സോഷ്യൽ ഓഡിറ്റ് റിപോർട്ട് :**

പരിശോധിച്ച ഫയലിൽ ഒന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഉള്ളതായി കാണാൻ
സാധിച്ചില്ല.

- **സൈറ്റ് ഡയറി :**

**പരിശോധിച്ച ഫയലിൽ സൈറ്റ് ഡയറി കാണാൻ സാധിച്ചു.**



Scanned by CamScanner

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച വിവരങ്ങൾ**

* ജോബ് കാർഡ് രജിസ്റ്റർ

കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

* മിനുട്ട്സ് ബുക്ക് / ഗ്രാമസഭ രജിസ്റ്റർ

കൃത്യതയോടെ കൈകാര്യം ചെയ്തിട്ടുണ്ട്.

* പരാതി രജിസ്റ്റർ

രജിസ്റ്ററിൽ അവസാനമായി പരാതി രേഖപ്പെടുത്തിയത് 15-01-2018നാണ്. അതിനു ശേഷം പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

* തൊഴിൽ ആവശ്യപ്പെടുന്നത്, അനുവദിക്കുന്നത്, കൂലി ലഭിക്കുന്നതുമായ രജിസ്റ്റർ,

* പ്രവർത്തി രജിസ്റ്റർ,

* ആസ്തി രജിസ്റ്റർ,

* മെറ്റീരിയൽ രജിസ്റ്റർ

- എന്നിവയുടെ 2018-19 കാലഘട്ടത്തിലേത് സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല. എല്ലാ ഡാറ്റകളും സിസ്റ്റത്തിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട് എന്നാണ് അധികൃതർ പറഞ്ഞത്.



Scanned by CamScanner

**കണ്ടെത്തലുകൾ**

* പ്രവർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിംഗ് ചേരാറുണ്ടെന്നാണ് എല്ലാ തൊഴിലാളികളും പറഞ്ഞത്.ഇത് പ്രശംസനീയമായ കാര്യമാണ്.

* മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ കൈയിൽ സൂക്ഷിച്ചിട്ടുണ്ട്.ഇത് അഭിനന്ദനാർഹമാണ്.

* പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചു.

* ജാഗ്രത മേൽനോട്ട സമിതിയിലുള്ളവർ പ്രവർത്തി സ്ഥലം സന്ദർശിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഇത് പ്രശംസനീയമാണ്.

* മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഒന്നും ഉണ്ടായിരുന്നില്ല.

* തൊഴിലാളികൾക്ക് സമയബന്ധിതമായി കൂലി ലഭിക്കാറുണ്ടെങ്കിലും 2019 ആഗസ്റ്റ് മുതലുള്ള കൂലി ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ശോഭന വി വി (1/67) എന്ന തൊഴിലാളിക്ക് ബാങ്ക് അക്കൗണ്ട് മാറിയതുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ മുതലുള്ള കൂലി ലഭിക്കുന്നില്ല. ബന്ധപ്പെട്ട രേഖകൾ അവർ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു.

* തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ സൂക്ഷിക്കേണ്ട ഏഴു രജിസ്റ്ററുകളിൽ ജോബ് കാർഡ് രജിസ്റ്റർ, ഗ്രാമസഭ രജിസ്റ്റർ,പരാതി രജിസ്റ്റർ എന്നിവയേ കാണാൻ സാധിച്ചുള്ളു. ബാക്കി രജിസ്റ്ററുകളുടെ ഡാറ്റ സിസ്റ്റത്തിൽ ഉണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്.

* പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട 22 രേഖകളിൽ പലതും ഫയലിൽ ചേർത്തു വച്ചിട്ടുണ്ടായിരുന്നില്ല.

* തൊഴിലാളികൾ രേഖാമൂലം തൊഴിൽ ആവശ്യപ്പെടുന്നുണ്ടെന്നാണ് പറഞ്ഞത്.

* തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത കുറവാണെന്നറിയിച്ചു..കഴിഞ്ഞ സാമ്പത്തിക വർഷം 3 തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്നു മനസിലാക്കാൻ കഴിഞ്ഞു.

* 2 തൊഴിലാളികൾ ഒഴികെ മറ്റെല്ലാ തൊഴിലാളികൾക്കും പഴയ തൊഴിൽ കാർഡ് പുതുക്കി പുതിയ തൊഴിൽ കാർഡ് നൽകിയതായി കാണാൻ സാധിച്ചു.എന്നാൽ തൊഴിൽ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്തു കൊടുക്കുകയാണ് ചെയ്തത്.

* പ്രഥമ ശുശ്രൂഷ കിറ്റ്, വെള്ളം സൂക്ഷിച്ചു വയ്ക്കുവാനുള്ള പാത്രം, തണൽ സൌകര്യത്തിനുള്ള ടാർപോളിൻ ഷീറ്റ് എന്നിവ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു. തൊഴിലുറപ്പ് പണി തുടങ്ങിയ സമയത്ത് പ്രഥമ ശുശ്രൂഷ കിറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഒന്നും ലഭിക്കുന്നില്ലെന്ന് തൊഴിലാളികൾ പറഞ്ഞു.

* സുരക്ഷാ മാർഗ്ഗങ്ങളായ ഷൂസ്,കൈയ്യുറ എന്നിവ നൽകിയിട്ടില്ലെന്ന് തൊഴിലാളികൾ പറഞ്ഞു.

* തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അറിയിക്കുന്നില്ലെന്ന് തൊഴിലാളികൾ പരാതിപ്പെട്ടു.



Scanned by CamScanner

നിർദ്ദേശങ്ങൾ

* അടിസ്ഥാന സൗകര്യങ്ങളായ കൈയ്യുറ, കാലുറ, കുടിവെള്ളത്തിനായുള്ള പാത്രം, ടാർപോളിൻ ഷീറ്റ്, പ്രഥമ ശുശ്രൂഷാ കിറ്റ് എന്നിവ ലഭ്യമാക്കുക.

* വേതന കുടിശ്ശിക നൽകി തീർക്കുക.

* ആറ് മാസത്തിൽ ഒരിക്കൽ എന്ന തോതിൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ചേരുക.

* വിജിലിൻസ് & മോണിറ്ററിംഗ് പ്രവർത്തകരുടെ കടമകളെ കുറിച്ച്

ബോധവൽക്കരണം നടത്തുക



Scanned by CamScanner

ഗ്രാമസഭ തീരുമാനങ്ങൾ

- അടിസ്ഥാന സൗകര്യങ്ങളായ കൈയ്യുറ, കാലുറ, പ്രഥമ ശുശ്രൂഷ കിറ്റ്, ടാർപോളിൻ ഷീറ്റ് , കുടിവെള്ളത്തിനായുള്ള പാത്രം എന്നിവയ്ക്ക് പഞ്ചായത്തിൽ അപേക്ഷ നൽകിയാൽ മതിയെന്നും അപേക്ഷിച്ചതിന്റെ കൈപറ്റ് രസീത് വാങ്ങി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചു.

- തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിൽ നിന്നും വേണ്ടുന്ന നടപടികൾ ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെൻറിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച്ചയാണെന്നും പറഞ്ഞു.

- വാർഡിൽ തൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, കുളം വൃത്തിയാക്കൽ, കിണർ റീച്ചാർജിങ് , കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ വരും മാസങ്ങളിൽ ചെയ്യാൻ തീരുമാനിച്ചു.

- ജാഗ്രത മേൽനോട്ട സമിതിയിലുള്ളവരുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിച്ചു.

Scanned by CamScanner